LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

317 (1015) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ എട്ടാം സീസണിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിരുന്നത് ;

(സി) വ്യാപാര രംഗത്തിന്റെ വളർച്ചയ്ക്ക് എത്ര മാത്രം ഈ ഫെസ്റ്റിവൽ പ്രയോജനപ്പെട്ടിട്ടുണ്ട് ;

(ഡി) എന്തെല്ലാം മേഖലകളിലാണ് ഈ ഫെസ്റ്റിവൽ കേരളത്തിന്റെ വിനോദസഞ്ചാരമേഖലയെ സഹായിച്ചിട്ടുള്ളത് ?

ഉത്തരം

(എ) എട്ടാം സീസൺ 2015 ജനുവരി 25-നാണ് സമാപിച്ചത്. പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

(ബി) ഓണക്കാലം പോലെ കേരളത്തിലെ വ്യാപാര സമൂഹത്തിനും പൊതുസമൂഹത്തിനും ഒരുപോലെ ഗുണകരമാകുന്ന രീതിയിൽ സജീവമായ ഒരു വിപണനകാലം എന്നതിനോടൊപ്പം കേരളത്തിന്റെ തനതു പരമ്പരാഗത ഉത്പന്നങ്ങളുടേയും കുടുംബശ്രീ ഉത്പന്നങ്ങളുടേയും പ്രചരണവും വിപണനവും എന്നതായിരുന്നു ഈ വർഷം കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ.

(സി) ഈ സീസണിൽ ഏകദേശം 2200 കോടി രൂപയുടെ വ്യാപാരം രേഖപ്പെടുത്തി. കുടുംബശ്രീ പ്രവർത്തകർക്ക് വ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷനിലൂടെ 7.5 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. പിന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻവഴി കൺസ്യൂമർ വായ്പയായി 10 കോടി രൂപ നൽകിയത് വ്യാപാര പ്രോത്സാഹനത്തിന് കാരണമായി. 100% വിൽപ്പന നികുതി തിരികെ നൽകുന്ന പദ്ധതി കേരളത്തിന് പുറത്തുനിന്നും വിദേശ സഞ്ചാരികളെ ആകർഷിപ്പിക്കുവാൻ കഴിഞ്ഞു. കയർഫെഡ്,

കരകൗശല കോർപ്പറേഷൻ എന്നിവയുമായി വ്യാപാര പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ഈ മേഖലകളിലെ ഉത്പന്ന വിപണനത്തിന് സഹായിച്ചു തൊഴിൽ വകുപ്പുമായി ചേർന്ന് ചവറയിൽ നടത്തിയ കരകൗശല വിപണനമേള വൈക്കോൽ ചിത്ര നിർമ്മാണ ശില്പശാല എന്നിവ കരകൗശല ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായകമായി. ഷോപ്പിംഗ് മാളുകളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെയും സ്ഥിരം വിപണനത്തിന് (നാട്ടുവിപണി) തുടക്കം കുറിച്ചു.

(ഡി) കെ.റ്റി.ഡി.സി, കരകൗശല ഷോപ്പുകൾ, ഹോട്ടലുകൾ, എന്നിവയിലൂടെയും വിൽപ്പന നികുതി തിരികെ നൽകുന്ന പദ്ധതിയിലൂടെയും വിനോദ സഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയതു കാരണം കൂടുതൽ വിനോദസഞ്ചാരികൾ ഈ കാലയളവിൽ സംസ്ഥാനം സന്ദർശിക്കുന്നതിനും സന്ദർശിച്ച വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷണീയമായും തൃപ്തികരമായും കേരളത്തിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

ബേക്കൽ കൾച്ചറൽ സെന്റർ

318 (1016) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേക്കൽ കൾച്ചറൽ സെന്ററിന് തറക്കല്ലിടൽ നടത്തിയതെന്നാണ്; വിശദമാക്കാമോ ;

(ബി) തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചതിനുശേഷം ഇതുവരെയായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബേക്കൽ കൾച്ചറൽ സെന്ററിന് 2011 ജൂലൈ 29 നാണ് തറക്കല്ലിട്ടത്.

(ബി&സി) ബേക്കലിൽ പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിൽ തച്ചങ്ങാട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചു ഇതിനായി 90 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽനിന്നും 6-4-2013-ലെ ജി.ഒ.(എം.എസ്.) നം.125/2013/റവ സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം വകുപ്പിന് ഉപയോകാനുമതി ലഭിച്ചു. കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി 4,43,75,227 രൂപയുടെ ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly